The intention of Government is that the ryots should indirectly be paid cash in order to enable them to pay full price for the manures instead of the subsidised price.

ശ്രീ. കെ. രാമചന്ദ്രൻ: ഇതു് പലയിടത്തും "റയറ്"സിനു് കിട്ടുന്നില്ലാ യെന്നും ജന്മിമാക്കാണു് കിട്ടുന്നതെന്നും അറിയാമോ?

Sri. K. M. Korah: How could it go to the jenmi?

DISPENSARY AT KALLARA

*130. [37] ‡**Sri. Neelakantaru Pandarathil:** Will hon. Minister for Medicine be pleased to state the progress made on the setting up of a dispensary at Kallara in Nedumangad taluk?

Chief Minister **(C. Kesavan):** The people of Kallara, Pangode, Muthuvelil have requested for a dispensary to be opened in their locality. As there was difference of opinion among the people of neighbouring localities about the site where the dispensary is to be opened they were informed that the Government would consider the question of opening it if people come to understanding about the site where the dispensary is to be located. There has been no further progress.

ശ്രീ. കെ. രാമചന്ദ്രൻ: രണ്ടു പാർട്ടികൾക്കും ഉപയോഗപ്രദമാകത്തക്ക വണ്ണമുള്ള മറ്റു സ്ഥലം തെരഞ്ഞെടുക്കുവാൻ ആലോചിക്കാമോ?

ശ്രീ. സി. കേശവൻ: അതു് ഗവൺമെൻറിനു് ചെയ്യാനൊക്കുകയില്ല. അവർ രണ്ടുപേരും തക്കിച്ചുകൊണ്ടിരിക്കുമ്പോൾ ഗവൺമെൻറിനു് ആർബിട്രറി ആയി ഒന്നും ചെയ്യാനൊക്കുകയില്ല.

MIDWIVES

*131. [38] ‡**Sri. Neelakantaru Pandarathil:** Will the hon. Minister for Medicine be pleased to state.—

whether it is a fact that there is a great dearth of Midwives in Nedumangad Taluk?

Chief Minister **(Sri. C. Kesavan):** No.

പൊൻകുന്നം സ്റ്റേഷനറി ഒന്നാംക്ലാസ്സു് മജിസ്ട്രേട്ടുകോടതി

*൧൩൨. (൪൪) ശ്രീ. എ. കെ. പാപ്പുപിള്ള: താഴെ പറയുന്നതു ദയവുചെയ്തു് ബഹുമാനപ്പെട്ട സിവിലും ക്രിമിനലും വകുപ്പുമന്ത്രി സഭയെ അറിയിച്ചുകൊള്ളുമോ.—

(എ) പൊൻകുന്നം സ്റ്റേഷനറി ഒന്നാംക്ലാസ്സു് മജിസ്ട്രേട്ടു് കോടതി ൧൯൫൭ മുതൽ ൧൯൫൯ വരെ സ്ഥിതിചെയ്തിരുന്ന സ്ഥലത്തുനിന്നും കാഞ്ഞിരപ്പള്ളി മുനിസിപ്പുകോടതി വളപ്പിലേക്കു മാറ്റി സ്ഥാപിക്കുന്നതാണെന്നു ഓർഡർ പാസായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിനെ നിവേദനം അനുസരിച്ചാണു്;

(സി) ഇതു സംബന്ധിച്ചു് സ്ഥലം മജിസ്ട്രേട്ടിൻറെയോ കോട്ടയം ഡിസ്ട്രിക്ടു് മജിസ്ട്രേട്ടിൻറെയോ റിപ്പോർട്ടു് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടു് മാറ്റത്തിനു് അനുകൂലമോ പ്രതികൂലമോ; ഇല്ലെങ്കിൽ കാരണമെന്തു്;

---

‡As the Member was absent, this question was put by Sri. K. Ramachandran, with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പ്രശ്നം സംബന്ധിച്ച് ഹൈക്കോടതിയിൽനിന്നും ഇതിനു മുമ്പ് അനേപക്ഷണം വല്ലതും നടത്തിയോ; നടത്തിയെങ്കിൽ അഭിപ്രായം എന്നായിരുന്നു;

(ഇ) മജിസ്ട്രേട്ടുകോടതി കെട്ടിടം പൂർത്തിയാകുന്നതുവരെ സ്ഥിതിചെയ്യുന്ന സ്ഥലത്തു പുതുക്കി പണിയുന്നതിലേക്ക് ഗവൺമെൻറ് ഓർഡർ അനുസരിച്ചു പൊതുമരാമത്തു ഡിപ്പാർട്ട്മെൻറിൽനിന്നും എസ്റ്റിമേറും പ്ലാനും സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ആ പ്രൊപ്പോസൽ മാറ്റുന്നതിനുള്ള കാരണം;

(ജി) മാറ്റുന്നതു പൊതുജനങ്ങൾക്ക് ഉപദ്രവകരമായിരിക്കുമെന്നു 22—9—1950-ൽ ബഹുമാനപ്പെട്ട ജുഡീഷ്യൽ മന്ത്രിക്കു നാട്ടുകാരുടെ ഒരു നിവേദനം സമർപ്പിച്ചിരുന്നോ;

(എച്ച്) സമീപനിവാസികളുടെയോ, ചിറക്കടവ്, ചെറുവള്ളി, വാഴൂർ, നെടുങ്കുന്നം ഈ പകുതികളെ പ്രതിനിധീകരിക്കുന്ന എം. എൽ. എ. ശ്രീ. കളത്തിൽ വേലായുധൻ നായരുടെയോ അഭിപ്രായഗതി ഇതു സംബന്ധിച്ചു മുരാഞ്ഞിട്ടുണ്ടോ?

ധനകാര്യവും, രക്ഷ്യവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഉണ്ട്.

(ബി) ചില പൊതുപ്രമാണികളുടെയും വക്കീലന്മാരുടെയും നിവേദനപ്രകാരം.

(സി) ഉണ്ട്. പ്രതികൂലം.

(ഡി) നടത്തി. അനുകൂലാഭിപ്രായമാണ്.

(ഇ) ഇല്ല.

(എഫ്) മകളിലത്തെ ഉത്തരപ്രകാരം ഈ ചോദ്യം ഉദിക്കുന്നില്ല.

(ജി) ഉണ്ട്.

(എച്ച്) അറിവില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ആ കാമ്പെയ്ൻതന്നെ ഒരു സബ് ട്രഷറി പണിചെയ്യിരുന്നതായി അറിയാമോ?

ശ്രീ. കെ. എം. കോര: അറിവില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: അതിനു അനുവദിച്ചിരുന്നതായി അറിയാമോ?

ശ്രീ. കെ. എം. കോര: അറിയാം.

ശ്രീ. എ. കെ. പാച്ചുപിള്ള: ലോക്കൽ മജിസ്ട്രേട്തന്നെ സബ് ട്രഷറിയുടെ ചാർജ്ജ് നിർവഹിക്കണമെന്നു അറിയാമോ?

ശ്രീ. കെ. എം. കോര: അറിയാം.

ശ്രീ. എ. കെ. പാച്ചുപിള്ള: സബ് ട്രഷറി ഇപ്പോൾ ഇട്ടിരിക്കുന്ന സ്ഥലത്തിനും മജിസ്ട്രേട്കോടതിക്കും തമ്മിൽ എത്ര ദൂരമുണ്ടെന്നു അറിയാമോ?

ശ്രീ. കെ. എം. കോര: ഏകദേശം ഒരു മൈൽ വരും.

ശ്രീ. എ. കെ. പാച്ചുപിള്ള: ഒരു ഉദ്യോഗസ്ഥക്കൊണ്ടു ഈ രണ്ടു സ്ഥലത്തെയും ജോലി ശരിയായി നിർവ്വഹിക്കുവാൻ സാധ്യമല്ലെന്നറിയാമോ?

ശ്രീ. കെ. എം. കോര: സാധ്യമല്ലാതെ വരികയില്ലെന്നാണ് ഗവൺമെൻറിൻറെ വിശ്വാസം.

ശ്രീ. എ. കെ. പാച്ചുപിള്ള: നാല പോലീസ് സ്റ്റേഷൻ ഈ കോടതിയിലെ അധികാരിയിലുണ്ടെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എം. കോര: നോട്ടീസുവേണം

ഹജൂർ സെൻട്രൽ റിക്കാർഡ്സിലെ നിയമനം

*ക്വസ്റ്റ്. (൪൫) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പബ്ലിക് സർവ്വീസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഹജൂർ സെൻട്രൽ റിക്കാർഡ്സ് സ്പെഷ്യൽ പരീക്ഷയിൽ ഇതുവരെ എത്ര ഹരിജനങ്ങൾ വിജയികളായിട്ടുണ്ട്;

(ബി) ഹജൂർ സെൻട്രൽ റിക്കാർഡിൽ ക്ലർക്കായി പാസായ ഏക ഹരിജന ഉദ്യോഗാർത്ഥിയെ ഇതുവരെ ഉദ്യോഗത്തിൽ നിയമിക്കാത്തത് "ഇൻറർ ഡിപ്പാർട്ട്മെൻറൽ നിയമനം" അനുവദനീയമല്ലാതിരുന്നതുകൊണ്ടാണോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ:)

(എ) ഉണ്ട്.

(ബി) അതെ.

കടൽവ്യവസായങ്ങൾ

*ക്വസ്റ്റ്. (൪൬) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പിന്നോക്കസമുദായ ഡിപ്പാർട്ടുമെൻറിൽ നിന്നും എത്രപേരെ കേന്ദ്രങ്ങളിൽ കോഴി വളർത്തൽ, തേനീച്ച വളർത്തൽ മുതലായ കടൽ വ്യവസായങ്ങൾ നടത്തിവരുന്നു;

(ബി) അതിനുവേണ്ട എതെങ്കിലും പ്രത്യേക പരിശീലനം സിദ്ധിച്ചവരാരെയെങ്കിലും നിയമിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) സഹകരണത്തത്വത്തിൽ കൊല്ലത്തിൽ കോഴിവളർത്തൽ, തേനീച്ച വളർത്തൽ ഇവ നടത്തിവരുന്നുണ്ട്.

(ബി) ഉണ്ട്.

കടൽ വ്യവസായവികസനം

*ക്വസ്റ്റ്. (൪൭) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കടൽ വ്യവസായം വികസിപ്പിക്കുന്നതിന് ഇപ്പോഴുള്ള പദ്ധതിയിൽ എന്തെല്ലാം പരിപാടികൾ അംഗീകരിച്ചിട്ടുണ്ട്;

(ബി) ഇതിലേക്ക് ഒരു കമ്മറ്റിയെ നിയമിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര കാലമായെന്നും, ഈ കമ്മിറ്റിയുടെ ഇതുവരെയുള്ള പ്രവർത്തനം എന്താണെന്നും പറയാമോ?

വ്യവസായവും, തൊഴിലും വകുപ്പു മന്ത്രി
(ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ):

(എ) അംഗീകരിക്കേണ്ട പദ്ധതികൾ ഇപ്പോൾ ആലോചനയിലിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly